**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1058** **12-06-2024 - ൽ മറുപടിയ്ക്ക്**

**ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയിന്മേൽ കിഫ്ബിയുടെ അപ്രൈസൽ വിംഗായ സി.എം.ഡി.യുടെ ഉദ്യോഗസ്ഥർ പരിശോധന നടത്തിയതിനെത്തുടർന്ന് പുതുക്കിയ ഡി.എസ്.ആർ. പ്രകാരം തയ്യാറാക്കിയ പുതിയ ഡി.പി.ആർ. ന് കിഫ്ബിയുടെ അംഗീകാരം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | സ.ഉ.(സാധാ) നമ്പർ. 859/2017/ജവിവ തീയതി 17.10.2017 പ്രകാരം ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയ്ക്ക് ₹10.10 കോടി രൂപയുടെ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ. കെ.ഐ.ഐ.ഡി.സി. 12.04.2018-ൽ സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് കെ.ഐ.ഐ.ഡി.സി., ജലസേചന വകുപ്പ്, കിഫ്ബിയുടെ അപ്രൈസൽ വിങ് ആയ സി.എം.ഡി.യുടെ ഉദ്യോഗസ്ഥർ എന്നിവർ പ്രസ്തുത പദ്ധതി സ്ഥലത്ത് 23.03.2022-ൽ സംയുക്ത പരിശോധന നടത്തുകയും അതിൻപ്രകാരം പുതുക്കിയ ഡി.എസ്.ആർ. നിരക്കിലും, രൂപകൽപ്പനയും പ്രകാരം പരിഷ്കരിച്ച ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ 17.02.2023-ൽ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നു.<br><br>എന്നാൽ 2018 മുതലുള്ള പ്രളയ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ അടിയന്തരമായി നടപ്പിലാക്കേണ്ട ചില പ്രവൃത്തികൾക്ക് അനുമതി നൽകേണ്ടതുണ്ട്. കൂടാതെ മീനച്ചിൽ നദിയുടെ സുസ്ഥിരമായ പുനരുജീവനത്തിനായി മീനച്ചിൽ റിവർ വാലി റിജുവനേഷൻ പ്രോജക്ട് നടപ്പിലാക്കുന്നതിന് സർക്കാർ ഏറ്റവും പുതിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത മീനച്ചിൽ റിവർ വാലി പ്രോജക്ട് തയ്യാറാക്കുന്നതിനായി WAPCOS എന്ന പ്രമുഖ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം വിശദ പരിശോധനയിലൂടെ ശാസ്ത്രീയ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്രസ്തുത ചെമ്പിളാവ് പദ്ധതി ആവശ്യമെന്നു കാണുന്നെങ്കിൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതി പ്രദേശത്തിന്റെ സവിശേഷ സാഹചര്യം കണക്കിലെടുത്ത് പാലത്തിന് പകരം ഫൂട്ട് ബ്രിഡ്ജ് നിർദേശിച്ചുകൊണ്ട് കിഫ്ബിയിൽ സമർപ്പിച്ച പുതുക്കിയ ഡി.പി.ആർ - ന് അംഗീകാരം നൽകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ? | (ബി) | സ.ഉ.(സാധാ) നമ്പർ. 859/2017/ജവിവ തീയതി 17.10.2017 പ്രകാരം ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയ്ക്ക് ₹10.10 കോടി രൂപയുടെ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ. കെ.ഐ.ഐ.ഡി.സി. 12.04.2018-ൽ സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് കെ.ഐ.ഐ.ഡി.സി., ജലസേചന വകുപ്പ്, കിഫ്ബിയുടെ അപ്രൈസൽ വിങ് ആയ സി.എം.ഡി.യുടെ ഉദ്യോഗസ്ഥർ എന്നിവർ പ്രസ്തുത പദ്ധതി സ്ഥലത്ത് 23.03.2022-ൽ സംയുക്ത പരിശോധന നടത്തുകയും അതിൻപ്രകാരം പുതുക്കിയ ഡി.എസ്.ആർ. നിരക്കിലും, രൂപകൽപ്പനയും പ്രകാരം പരിഷ്കരിച്ച ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ 17.02.2023-ൽ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നു.<br><br>എന്നാൽ 2018 മുതലുള്ള പ്രളയ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ അടിയന്തരമായി നടപ്പിലാക്കേണ്ട ചില പ്രവൃത്തികൾക്ക് അനുമതി നൽകേണ്ടതുണ്ട്. കൂടാതെ മീനച്ചിൽ നദിയുടെ സുസ്ഥിരമായ പുനരുജീവനത്തിനായി മീനച്ചിൽ റിവർ വാലി റിജുവനേഷൻ പ്രോജക്ട് നടപ്പിലാക്കുന്നതിന് സർക്കാർ ഏറ്റവും പുതിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത മീനച്ചിൽ റിവർ വാലി പ്രോജക്ട് തയ്യാറാക്കുന്നതിനായി WAPCOS എന്ന പ്രമുഖ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം വിശദ പരിശോധനയിലൂടെ ശാസ്ത്രീയ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്രസ്തുത ചെമ്പിളാവ് പദ്ധതി ആവശ്യമെന്നു കാണുന്നെങ്കിൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ